**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4284** **06-03-2023 - ൽ മറുപടിയ്ക്ക്**

**നിക്ഷേപ തട്ടിപ്പ് സംഘങ്ങളെ നിരോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിക്ഷേപ തട്ടിപ്പ് സംഘങ്ങളെ നിരോധിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | അനധികൃത നിക്ഷേപ പദ്ധതികൾ 2019 -ലെ Banning of Unregulated Deposit Schemes Act പ്രകാരം നിരോധിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | നിക്ഷേപ തട്ടിപ്പ് സംഘങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും അവർക്ക് നൽകുന്ന ശിക്ഷ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് അസ്വാഭാവികവും അമിതവുമായ പലിശയും ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തുന്ന സാമ്പത്തിക സ്ഥാപനങ്ങളെ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർ നിരീക്ഷണം നടത്തി വരുന്നു. കൂടാതെ ഇന്റലിജൻസ് വിഭാഗം രഹസ്യമായി സ്ഥാപനങ്ങളെ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. ഇത്തരം സ്ഥാപനങ്ങളുടെ ചതിക്കുഴിയിൽ വീഴാതിരിക്കാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്ന തിനായി പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ ആവശ്യമായ പ്രചരണം നൽകി വരുന്നു. കൂടാതെ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അനധികൃത നിക്ഷേപങ്ങൾ സംബന്ധിച്ച കേസുകളിലെ നിയമനടപടികൾ പ്രധാനമായും ബഡ്സ് ആക്ട് പ്രകാരമാണ് സ്വീകരിച്ചുവരുന്നത്. ബഡ്സ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം ഒരു കോംപീറ്റന്റ് അതോറിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. നിക്ഷേപ തട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതി കോംപീറ്റന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കാവുന്നതാണ്. ഇത്തരം കുറ്റകൃത്യങ്ങൾക്ക് ബഡ്സ് നിയമത്തിന് കീഴിൽ ശക്തമായ ശിക്ഷാനടപടികൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | നിക്ഷേപ തട്ടിപ്പ് സംഘങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ഏറ്റെടുക്കുന്നതിനും ദീർഘകാലത്തേക്ക് ജാമ്യം ലഭിക്കാത്ത രീതിയിൽ നിയമം | (സി) | നിക്ഷേപ തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ സ്ഥാപനങ്ങളുടെയും പ്രതികളുടെയും സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിന് നടപടി |

| | | | |
|---|---|---|---|
| | പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | സ്വീകരിക്കുന്നുണ്ട്. ബഡ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾ ബഡ്സ് ആക്ട് വകുപ്പ് 28 പ്രകാരം ജാമ്യമില്ലാ കുറ്റകൃത്യമാണ്. |

സെക്ഷൻ ഓഫീസർ